**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3555** **15-02-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസികളുടെ ഭൂമി നഷ്ടമായതായ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മൂലഗംഗൽ, വെച്ചപ്പതി, വെള്ളകുളം തുടങ്ങിയ ആദിവാസി ഊരുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നാലായിരത്തോളം ഏക്കർ ഭൂമി ആദിവാസികൾക്ക് നഷ്ടപ്പെട്ടതായി ഒറ്റപ്പാലം സബ് കളക്ടർക്ക് പരാതി നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | **മൂലഗംഗൽ, വെച്ചപ്പതി, വെള്ളകുളം തുടങ്ങിയ ആദിവാസി ഊരുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നാലായിരത്തോളം ഏക്കർ ഭൂമി ആദിവാസികൾക്ക് നഷ്ടപ്പെട്ട വിഷയം സംബന്ധിച്ച് ഒറ്റപ്പാലം സബ് കളക്ടറുടെ കാര്യാലയത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. എങ്കിലും പ്രസ്തുത വിഷയം സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഷോളയൂർ വില്ലേജ് ഓഫീസർ മുഖേന അന്വേഷണം നടത്തിയതിൽ ഈ മേഖലയിൽ വിശദമായ സർവ്വേ നടപടികൾ ആവശ്യമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഷോളയൂർ വില്ലേജിനെ ഡിജിറ്റൽ സർവ്വെയിൽ ഉൾപ്പെടുത്തി അടിയന്തരമായി സർവ്വെ പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.** |
| (ബി) | നവകേരള സദസ്സ് മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നടന്നപ്പോൾ മേൽ വിഷയം സംബന്ധിച്ച് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും ആരൊക്കെയാണ് പരാതികൾ നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | **നവകേരള സദസ്സ് മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നടന്നപ്പോൾ മേൽ വിഷയം സംബന്ധിച്ച് 1. ശ്രീ.നഞ്ചൻ S/o രേശൻ, വെച്ചപ്പതി 2. ശ്രീ.വെള്ളിങ്കിരി S/o ചെല്ലൻ, വെള്ളകുളം, 3. ശ്രീ.വെള്ളിങ്കിരി മുതൽ പേർ വെള്ളകുളം 4. ശ്രീ.മരുതൻ s/o കടലൻ, വെള്ളകുളം, 5. ശ്രീ.കുപ്പൻ S/o ചെല്ലൻ, വെള്ളകുളം, 6. ശ്രീമതി. പാപ്പ D/o രാമൻ, വെള്ളകുളം തുടങ്ങിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 6 പേരുടെ പരാതികൾ ലഭിച്ചിട്ടുണ്ട്. ടി പരാതികൾ പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (സി) | ഒരേ ഭൂമിക്ക് ഒന്നിലധികം അവകാശികളുള്ള എത്ര സംഭവങ്ങളാണ് പ്രസ്തുത പ്രദേശത്ത് കണ്ടെത്തിയിട്ടുള്ളത്; ഇതിൽ എത്രയെണ്ണത്തിനാണ് നാളിതുവരെ പരിഹാരം കണ്ടിട്ടുള്ളത്; അറിയിക്കാമോ; പരിഹാരമുണ്ടാക്കിയ കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | **ഷോളയൂർ വില്ലേജിൽ റീ സർവ്വെ നടന്നിട്ടില്ലാത്തതിനാൽ ഒരേ സർവ്വെ നമ്പറിൽ നികുതി അടയ്ക്കുന്ന വ്യത്യസ്ത വ്യക്തികളെ സംബന്ധിച്ച വിവരങ്ങൾ കണ്ടെത്തിയിട്ടില്ല. എന്നാൽ ഷോളയൂർ വില്ലേജിൽ റെലിസ് പോർട്ടലിൽ നികുതി സ്വീകരിക്കുന്ന നടപടികൾ നടന്നുവരുന്നതിനാൽ ആയതു പൂർത്തിയാകുന്ന മുറയ്ക്ക് ഒരേ ഭൂമിക്ക്** |

| | | | |
|---|---|---|---|
| | | | **ഒന്നിലധികം അവകാശികൾ ഉണ്ടെങ്കിൽ കണ്ടെത്തുവാൻ കഴിയുന്നതാണ്.** |
| (ഡി) | ഇത്തരം കേസുകളിൽ വ്യാജ ആധാരങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് കണ്ടെത്തിയിരുന്നോ; എങ്കിൽ വ്യാജ ആധാരങ്ങൾ ഉണ്ടാക്കിയത് ആരാണെന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ഡി) | **നിലവിൽ വ്യാജ ആധാരങ്ങൾ ഉണ്ടാക്കിയതായി കണ്ടെത്തിയിട്ടില്ല. വിശദമായ പരിശോധനകൾക്ക് ശേഷം മാത്രമേ വ്യാജ ആധാരങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് പൂർണ്ണമായ വിവരം കണ്ടെത്തുവാൻ കഴിയുകയുള്ളൂ. എന്തായാലും ഇക്കാര്യത്തിൽ ശക്തമായ പരിശോധന തന്നെയാണ് നടത്തുക.** |

സെക്ഷൻ ഓഫീസർ